നാടോടികൾക്ക് സുരക്ഷിത താമസം

6 (*276) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) നാടോടികൾക്ക് മാത്രമായി പ്രത്യേകിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടില്ല എങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയം നടപ്പിലാക്കാൻ 'എന്റെ കൂട് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഡനങ്ങളിൽ നിന്ന് സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട് പദ്ധതി 2015 ആഗസ്റ്റ് 31-ന് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയെങ്കിലും കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. മറ്റ് ജില്ലകളിൽ കൂടി ടി പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

വിദേശരാജ്യങ്ങളിൽ തടവിലാക്കപ്പെട്ട മലയാളികൾ

7(*277) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രപേരുണ്ടെന്നും അവർ ഏതെല്ലാം രാജ്യങ്ങളിലാണെന്നും അറിയാമോ ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly